(ബി) ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ പൂർത്തിയാക്കിയ നടപടികളെന്താല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ 2000-2001 വർഷത്തിൽ കോഴിക്കോട് അർബൻ-2 പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗൻവാടികൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു കഴിഞ്ഞു. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായാലുടൻ അംഗൻവാടികൾ തുടങ്ങുന്നതാണ്. ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി പഞ്ചായത്തുകൾ ഉൾപ്പെടുന്ന പന്തലായനി ബ്ലോക്കിലെ 165 അംഗൻവാടികളിലേക്കുള്ള വർക്കർ/ഹെൽപ്പർ എന്നിവരെ തെരഞ്ഞെടുത്ത് ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം ഉടനെ തുടങ്ങുന്നതാണ്.

46 (570) ഓമന്നൂർ പി.എച്ച്.സി. യെ സാമൂഹ്യക്ഷേമ കേന്ദ്രമായി ഉയർത്താൻ നടപടി

ശ്രീ. ഇസഹാക്ക് കുരിക്കൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഓമന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഒരു സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആരെങ്കിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്നുമുതൽ ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ആവശ്യത്തിനായുള്ള പ്ലാൻഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബ്ലോക്കുതലത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഘട്ടംഘട്ടമായി സാമൂഹ്യാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നത്.

(ബി) ഉണ്ട്.

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന കാര്യം ഇനി പരിഗണിക്കുമ്പോൾ ഇതിനായുള്ള മാനദണ്ഡങ്ങളനുസരിച്ച് ഓമന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കാര്യവും പരിശോധിക്കുന്നതാണ്.

47 (371) വാർദ്ധക്യകാല, വിധവാ പെൻഷൻ കുടിശ്ശിക

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന വാർദ്ധക്യകാല, വിധവാ, വികലാംഗ പെൻഷൻ തുടങ്ങിയ വിവിധക്ഷേമ പദ്ധതികൾ ഇപ്പോൾ തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഇനത്തിലും എന്തു തുക 30-3-2000 വരെ കുടിശ്ശികയായി ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കുടിശ്ശിക എപ്പോൾ കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)
1. ദേശീയവാർദ്ധക്യകാലപെൻഷൻ (സംസ്ഥാന വിഹിതം) - 2.00 കോടി രൂപ
2. അഗതി (വിധവ) പെൻഷൻ - 6.08 കോടി രൂപ
3. അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ - 3.65 കോടി രൂപ

(സി) ഈ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 2000-2001-ലെ പൂർണ്ണ ബഡ്ജറ്റ് പാസ്സാകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള ഫണ്ട് വിതരണം ചെയ്യുന്നതാണ്.

48 (572) ഐ.സി.ഡി.എസ്. പ്രോജക്ടുകൾ

ശ്രീ. എ. അലിഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികസന ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര ബ്ലോക്കുകളിൽ പ്രോജക്ടുകൾ ആരംഭിക്കാനുണ്ടെന്നും അവ എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഐ.സി.ഡി.എസ്. കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം നാട്ടുകാർ സംഭാവന ചെയ്യുന്ന പക്ഷം കെട്ടിട നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) വർക്കല നിയോജക മണ്ഡലത്തിലെ ഏഴുപഞ്ചായത്തുകളിലും നഗരസഭയിലും കൂടി എത്ര ഐ.സി.ഡി.എസ്. കേന്ദ്രങ്ങൾ പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്തും നഗരസഭയും തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ വികസന ബ്ലോക്കുകളിലും ഐ.സി.ഡി.എസ്. പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 2000-2001 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കേണ്ട 23 ഐ.സി.ഡി.എസ്. പ്രോജക്ടുകളാണ് ഇനി ആരംഭിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly